# 58. കാസർക്കോട്

ജനപ്പെരുപ്പം ഏറെ, നിലപ്പരപ്പ് കുറവ്—അതാണ് കേരളം. മുപ്പത്തെണ്ണായിരത്തി എണ്ണൂററുപത്തിമൂന്ന് (38, 863) ചതുരശ്രകിലോമീററർ സ്ഥലമേ കേരളത്തിൽ ഉള്ളൂ. ജനസംഖ്യയാണെങ്കിൽ രണ്ടരക്കോടിയിൽ കൂടുതലാണ്: 1984-ലെ കണക്കനുസരിച്ച് 2,54,53,680.

കേരളത്തിലെ പതിന്നാലു ജില്ലകളിൽ, വടക്കേ അററത്തുള്ളതാണ് കാസർക്കോട് ജില്ല. 1984 മെയ് 24-ാം തീയതിയാണ് ഈ ജില്ല രൂപവത്ക്കരിക്കപ്പെട്ടത്. അതുവരെ കണ്ണൂർ ജില്ലയിൽ ഉൾപ്പെട്ടതായിരുന്നു ഈ പ്രദേശം. എഴുപത്തേഴ് മൈൽ നീണ്ട കടലോരമുള്ള കാസർക്കോട് ജില്ലയുടെ വിസ്താരം ആയിരത്തിത്തൊള്ളായിരത്തെഴുപത്തിമൂന്ന് (1973) ചതുരശ്ര കിലോമീററർ ആണ്.

കാസർക്കോട് ഒരു ബഹുഭാഷാ പ്രദേശമാകുന്നു. 1956-ൽ, ഭാഷാ-അടിസ്ഥാനത്തിലുള്ള സംസ്ഥാനപുനസ്സംഘടനയുടെ ഫലമായി ഇന്നത്തെ രൂപത്തിലുള്ള കേരളസംസ്ഥാനം നിലവിൽ വരുമ്പോൾ, ഇപ്പോഴത്തെ കാസർക്കോട് ജില്ലയുടെ വടക്കേ അററമായ കാസർക്കോട് താലൂക്കിൽ 55.8 ശതമാനം ജനങ്ങളുടെ മാതൃഭാഷ മലയാളമായിരുന്നു. ഈ അടിസ്ഥാനത്തിലാണ് അന്നോളം മദ്രാസ് സംസ്ഥാനത്തിലെ ദക്ഷിണ കർണാടകജില്ലയുടെ ഭാഗമായിരുന്ന ഈ പ്രദേശം കേരളസംസ്ഥാനത്തിൽ ചേർക്കണമെന്ന് ഫസൽഅലി അധ്യക്ഷനായുള്ള സംസ്ഥാന പുനസ്സംഘടനക്കമ്മിററി ശുപാർശചെയ്തത്.

മലയാളം കഴിഞ്ഞാൽ, ഈ പ്രദേശത്തു കൂടുതൽ സംസാരിക്കപ്പെടുന്ന ഭാഷ തുളു ആണ്. വളരെ ചെറിയ ഒരു ന്യൂനപക്ഷത്തിന്റെമാത്രം മാതൃഭാഷയാണ് ഇവിടെ കന്നഡം. കൊങ്കണി, മറാഠി എന്നീ ഭാഷകൾ സംസാരിക്കുന്ന ചെറിയ ജനവിഭാഗങ്ങളും ഈ പ്രദേശത്തുണ്ട്.

'ദക്ഷിണ കർണാടകം' എന്ന പേരിൽ അറിയപ്പെട്ടിരുന്ന പ്രദേശത്തിലെ പ്രാദേശികഭാഷ കന്നഡമല്ല, തുളു ആണ് എന്ന കാര്യം പലരും മനസ്സിലാക്കിയിട്ടില്ല. എന്നാൽ, ചരിത്രപരമായ കാരണങ്ങളാൽ, ഒരു സാഹിത്യഭാഷയെന്ന നിലയിൽ തുളു വളരുകയുണ്ടായില്ല.

കാസർക്കോട് പ്രദേശത്തു ഭരണം നടത്തിയിരുന്ന മായപ്പാടി രാജാക്കന്മാർ മലയാളികളായിരുന്നു. പക്ഷേ, ഈ പ്രദേശം ആക്രമിച്ചു പിടിച്ചടക്കിയ ഹൈദർ അലിയുടെയും, പിന്നീട് ടിപ്പുവിന്റെയും കീഴിൽ ഇവിടത്തെ ഭരണഭാഷ കന്നഡം ആയിത്തീർന്നു. ടിപ്പുവിന്റെ കൈയിൽ നിന്ന് ഈ പ്രദേശത്തിന്റെ ഭരണം ഏറെറടുത്ത ബ്രിട്ടീഷുകാർ നടപ്പിൽ വരുത്തിയ വിദ്യാഭ്യാസത്തിന്റെ മാധ്യമവും കന്നഡംതന്നെയായി. അങ്ങനെ ദക്ഷിണകർണാടകത്തിലെ പഠിപ്പുള്ള ഉയർന്ന വർഗക്കാരുടെ സാംസ്കാരികഭാഷയെന്ന പദവി കന്നഡത്തിനു കൈവന്നു. ഇതോടെ തുളുവിന്റെ വളർച്ച മുരടിച്ചു. ഒരുകാലത്ത് മലയാളത്തിലെ അതേ അക്ഷരമാലയാണ് തുളു എഴുതാൻ ഉപയോഗിച്ചിരുന്നത്. ഈ അക്ഷരമാലയ്ക്ക് 'തുളു-മലയാളം അക്ഷരമാല' എന്ന പേരും നിലവിലുണ്ടായിരുന്നു. എങ്കിലും, അടുത്തകാലത്ത് തുളുവിന്റെ പുനരുദ്ധാരണത്തിന് ഉടുപ്പി കേന്ദ്രമാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചവർ കന്നഡത്തിന്റെ അക്ഷരമാലയാണ് തുളുവിന് ഉപയോഗിച്ചുവരുന്നത്. തുളു കന്നഡത്തിന്റെ ഉപഭാഷയല്ല; ദ്രാവിഡഭാഷാ കുടുംബത്തിലെ ഒരു സ്വതന്ത്ര

ഭാഷയാണ്. കന്നഡത്തിനോടുള്ളതിലേറെ അടുപ്പം തുളുവിനു മലയാളത്തോടാകുന്നു.

എങ്കിലും, ദീർഘകാലത്തെ ഭരണപരമായ സാഹചര്യങ്ങളുടെ ഫലമായി, തങ്ങൾക്ക് കേരളത്തോടുള്ളതിലധികം അടുപ്പം കർണാടക സംസ്ഥാനത്തോടാണെന്ന് കാസർക്കോട്ടുപ്രദേശത്തിലുള്ള തുളു ഭാഷക്കാർ ഇപ്പോഴും കരുതിവരുന്നു. ഏറെക്കുറെ നൂറിനു നൂറ് തുളുഭാഷക്കാരും തങ്ങളുടെ കുട്ടികളെ ഇപ്പോഴും ചേർക്കുന്നതു് കന്നഡമാധ്യമം നടപ്പുള്ള സ്കൂളുകളിലാണ്. കാസർക്കോട് ജില്ലയിൽ മാതൃഭാഷയായി മലയാളം വീട്ടിൽ സംസാരിക്കുന്നവരിൽത്തന്നെ വളരെയധികം ആളുകൾ കന്നഡമാധ്യമത്തിലൂടെ വിദ്യാഭ്യാസം നേടുന്നതു് ആഭിജാത്യ ലക്ഷണമായി കരുതുന്നുണ്ട്. കാനേഷുമാരിക്കണക്കെടുക്കുമ്പോൾ തുളു, മലയാളം, കൊങ്കണി എന്നിവ വീട്ടിൽ സംസാരിക്കുന്നവരിൽ പലരും തങ്ങളുടെ മാതൃഭാഷ കന്നഡം ആണെന്ന് എഴുതിക്കാറുണ്ട്. പ്രായേണ കന്നഡവിദ്യാലയങ്ങളിലെ അദ്ധ്യാപകരാണു സെൻസസ് പ്രവർത്തകർ എന്നതും ഈ പ്രദേശത്തു് കന്നഡം മാതൃഭാഷയായവരുടെ സംഖ്യ പെരുപ്പിച്ചു കാണിക്കുന്നതിനു കാരണമായിട്ടുണ്ടെന്നു പറയപ്പെടുന്നു. കാസർക്കോട് ജില്ലയിൽ സമ്പന്നവർഗക്കാർ നടത്തിവരുന്ന പ്രൈവററ് സ്കൂളുകൾ മിക്കവയിലും മലയാളം മീഡിയത്തിൽ പഠിപ്പിക്കാൻ വ്യവസ്ഥയില്ല. അതിനാൽ, മലയാളം മാതൃഭാഷയായിട്ടുള്ള കുട്ടികൾക്ക്, വേണമെങ്കിൽത്തന്നെ, സ്വന്തം മാതൃഭാഷയിലൂടെ വിദ്യാഭ്യാസം നേടാൻ ഇന്നും അവിടെ പ്രയാസമുണ്ട്. ന്യൂനപക്ഷമായ കന്നഡിയർക്കു സൗകര്യങ്ങൾ നൽകുന്നതിൽ കേരളഗവണ്മെൻറ് ചെലുത്തുന്ന ശ്രദ്ധ പ്രശംസനീയമാണ്. പക്ഷേ, മലയാളം മാതൃഭാഷയായിട്ടുള്ള ഭൂരിപക്ഷക്കാർക്ക് കാസർക്കോട് ജില്ലയിൽ, പണ്ടുണ്ടായിരുന്ന അവശതകൾ പലതും ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ല.

ഭാഷ അടിസ്ഥാനമാക്കി സംസ്ഥാനങ്ങൾ പുനസ്സംഘടിപ്പിക്കപ്പെട്ടതിനുശേഷം, കാസർക്കോട്ടുതാലൂക്കിൽ പയസ്വിനി—ചന്ദ്രഗിരി പുഴകൾക്കു വടക്കുള്ള പ്രദേശം കേരളത്തിൽനിന്നു വിടർത്തി കർണാടക സംസ്ഥാനത്തിൽ ചേർക്കുന്നതിനുള്ള ഒരു പ്രക്ഷോഭണം ആ സംസ്ഥാനത്തിൽ, പ്രധാനമായും അഭ്യസ്തവിദ്യർക്കിടയിൽ, നടന്നുവരുന്നുണ്ട്. കർണാടകസംസ്ഥാനത്തിൻെറ വടക്കുഭാഗത്തുള്ള ബെൽഗാം നഗരവും വേറെ ഏതാനും പ്രദേശങ്ങളും മഹാരാഷ്ട്രസംസ്ഥാനത്തിൽ ചേർക്കണമെന്ന് മഹാരാഷ്ട്രക്കാർ വാദിച്ചുതുടങ്ങിയിട്ടു വളരെക്കാലമായി. കർണാടക—മഹാരാഷ്ട്രസംസ്ഥാനങ്ങൾ തമ്മിലുള്ള ഈ അതിർത്തിത്തർക്കം പരിഹരിക്കുന്നതിനാണ് 1966—ൽ ഇന്ത്യാഗവണ്മെൻറ് ജസ്റ്റീസ് മഹാജനെ ഒരു കമ്മീഷനായി നിയമിച്ചതു്. ഈ കമ്മീഷൻെറ പരിഗണനയിൽ കേരള—കർണാടക അതിർത്തിത്തർക്കംകൂടി ഉൾപ്പെടുത്തണമെന്ന് അന്നത്തെ കർണാടകസർക്കാർ ആവശ്യപ്പെട്ടു. എന്നാൽ, ഈ അതിർത്തിയിൽ ഒരു തർക്കവുമില്ലെന്നും, അതിനാൽ അതിനെപ്പററി ഒരു പുനർവിചിന്തനത്തിനു പ്രസക്തിയില്ലെന്നുമുള്ള നിലപാടാണ് കേരളസർക്കാർ അവലംബിച്ചതു്. ഈ നിലപാടിനെ അവഗണിച്ച്, കേരള—കർണാടക അതിർത്തിയെക്കൂടി മഹാജൻ കമ്മീഷൻെറ പരിഗണനയ്ക്ക് ഇന്ത്യാഗവണ്മെൻറ് വിധേയമാക്കിയപ്പോൾ, കമ്മീഷൻെറ പ്രവർത്തനവുമായി കേരളഗവണ്മെൻറ് നിസ്സഹകരിച്ചു. ഭരണപരമായ പരിഗണനകളാലും ജനങ്ങളുടെ സൗകര്യം മാനിച്ചും, ചന്ദ്രഗിരിപ്പുഴയ്ക്കു വടക്കുള്ള പ്രദേശങ്ങൾ കർണാടകസംസ്ഥാനത്തിനു വിട്ടുകൊടുക്കണമെന്ന് മഹാജൻ കമ്മീഷൻ നിർദേശിക്കുകയുംചെയ്തു. ബെൽഗാമിൻെറ കാര്യത്തിലും

കർണാടകസംസ്ഥാനത്തിന് അനുകൂലമായിരുന്ന മഹാജൻകമ്മീഷന്റെ ശുപാർശ.

ബെൽഗാം തങ്ങൾക്ക കിട്ടിയേ തീരൂ എന്ന ആവശ്യം ഇപ്പോൾ മഹാരാഷ്ട്രക്കാർ ശക്തിയായി ഉന്നയിച്ചുതുടങ്ങിയിട്ടുണ്ട്. ഇതിനുള്ള ഒരു തിരിച്ചടിയെന്ന നിലയിലാവണം, കാസർക്കോട് പ്രദേശം കർണാടക സംസ്ഥാനത്തിൽ ചേർക്കുന്നതിനുള്ള നടപടികൾ കേന്ദ്രഗവണ്മെൻറ് ഉടനടി കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കർണാടകമുഖ്യമന്ത്രി ശ്രീ ഹേഗ്ഡേ ഇക്കഴിഞ്ഞ ഒക്ടോബർ 9–ാം തീയതി പ്രധാനമന്ത്രി രാജീവ്ഗാന്ധിക്ക് എഴുതിയിരിക്കുന്നു. 'ചരിത്രപരവും ഭരണപരവും ഭാഷാപരവും സാംസ്കാരികവും വികാരപരവുമായ കാരണങ്ങളാൽ ഈ പ്രദേശം കർണാകസംസ്ഥാനത്തിലെ ദക്ഷിണകർണാടക. ജില്ലയുടെ അവിഭാജ്യഘടകമാണെന്നും, അത് കേരളത്തിൽ ചേർക്കാൻ സംസ്ഥാനപുനസ്സംഘടനക്കമ്മീഷൻ ശുപാർശചെയ്തത് തെററായിരുന്നു എന്നും ഇതൊരു തെററാണെന്ന് കേരളീയർതന്നെ സമ്മതിച്ചിട്ടുണ്ടെന്നും വസ്തുതകൾ അപഗ്രഥിച്ച്, ഈ പ്രദേശം കർണാടകത്തിനു വിട്ടുകൊടുക്കണമെന്ന് ശുപാർശചെയ്ത മഹാജൻ ഈ തെററ് തിരുത്തിയിട്ടുണ്ടെന്നും, മഹാജൻ കമ്മീഷന്റെ ശുപാർശ ഉടനടി നടപ്പിൽ വരുത്താതെ കർണാടകത്തിലെ ജനങ്ങൾ തൃപ്തിപ്പെടുകയില്ലെന്നും, ശ്രീ ഹേഗ്ഡേ ഈ കത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. 'കാസർക്കോട് പ്രദേശം കർണാടക സംസ്ഥാനത്തിൽ ചേർക്കുന്നതിൽ ഇന്ത്യാഗവണ്മെൻറ് വരുത്തുന്ന കാലതാമസം നമ്മളെല്ലാം തടയേണ്ട അക്രമപരങ്ങളായ പ്രകടനങ്ങൾക്കും പ്രക്ഷോഭണങ്ങൾക്കും വഴിയൊരുക്കും' എന്ന ഒരു തുറന്ന ഭീഷണിയും ഹേഗ്ഡേയുടെ കത്തിലുണ്ട്.

ഹേഗ്ഡേയുടെ ഈ കത്തിനെത്തുടർന്ന് പത്രങ്ങളിലൂടെ ശക്തിയായ ഒരു പ്രചാരവേലയും കർണാടകക്കാർ ആരംഭിച്ചിരിക്കുന്നു. കേരളത്തിലെ കന്നഡം സംസാരിക്കുന്ന 'കാസർക്കോടിന്റെ പ്രശ്ന'മായി ഈ ആവശ്യത്തെ ഒക്ടോബർ 20–ലെ 'ഹിന്ദു' പത്രത്തിൽ അവരുടെ ബംഗ്ളൂരിലെ പ്രത്യേക ലേഖകൻ അവതരിപ്പിച്ചിരിക്കുന്നു.

കേരളത്തിനും കർണാടകസംസ്ഥാനത്തിനും ഇടയിൽ അതിർത്തിത്തർക്കം നിലവിലില്ലെന്ന, 1966–ലെ നിലപാടുതന്നെയാണ് ഇപ്പോഴും കേരളഗവണ്മെൻറിനുള്ളത്. ഈ പ്രശ്നം സംബന്ധിച്ച് ഒരു പ്രക്ഷോഭണം ഉണ്ടായാൽ, നിയമവിധേയമായ രീതിയിൽ അതിനെ നേരിടുമെന്നു കേരളമുഖ്യമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. കേരള ഗവണ്മെൻറ് കാസർക്കോട് പ്രദേശത്തു വികസനപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടപ്പാക്കി വരുകയാണ്. വികസനത്തിന് ത്വരണം നൽകാൻവേണ്ടിയാണ് കഴിഞ്ഞ ആണ്ടിൽ കാസർക്കോട് ജില്ല രൂപവത്കരിച്ചത്. ഈ പ്രദേശത്തുള്ള ഭാഷാ ന്യൂനപക്ഷങ്ങളുടെ താത്പര്യങ്ങൾക്ക പര്യാപ്തമായ സംരക്ഷണം നൽകപ്പെട്ടിട്ടുണ്ട്. കന്നഡം ഈ പ്രദേശത്തു് ഒരു ഭരണഭാഷയാണ്. ബാലട്ട് പേപ്പറുകൾ കന്നഡത്തിലും അച്ചടിക്കുന്നുണ്ട്. കേന്ദ്രത്തോട്ടവിള ഗവേഷണകേന്ദ്രം ഉൾപ്പെടെ പല പ്രധാന സ്ഥാപനങ്ങളും ഈ ജില്ലയിലാണ്. അതിനാൽ, കാസർക്കോട് കർണാടകത്തിനു വിട്ടുകൊടുക്കുന്ന പ്രശ്നമേ ഇല്ലെന്നും ഇല്ലാത്ത ഈ പ്രശ്നം ഇപ്പോൾ ശ്രീ ഹേഗ്ഡേ കുത്തിപ്പൊക്കിയതു നിർഭാഗ്യകരമായെന്നും കേരളമുഖ്യമന്ത്രി ശ്രീ കരുണാകരൻ പറയുകയുണ്ടായി. (ഹിന്ദു ഒക്ടോബർ 20).

എങ്കിലും, ശ്രീ ഹേഗ്ഡേയുടെ ഭീഷണി ഫലിച്ചുകൂടെന്നില്ല. കാസർക്കോട് പ്രദേശത്തു് ഒരു പ്രക്ഷോഭണം, കർണാടകഗവണ്മെൻറിന്റെ അനുഗ്രഹാശിസ്സുകളോടെ, വളർന്നുവരുവാനുള്ള സാധ്യത തീരെ തള്ളിക്കളയാവുന്നതല്ല. കർണാടകസംസ്ഥാനത്തിലെ പ്രൊഫഷണൽ

കോളേജുകളിൽ ആ സംസ്ഥാനത്തിലുള്ളവർക്ക നൽകുന്ന സൗജന്യങ്ങൾ കാസർക്കോട് പ്രദേശത്തെ കർണാടകക്കാർക്കും നൽകാമെന്ന് ശ്രീ ഹേഗ്ഡേ വാഗ്ദാനംചെയ്തിട്ടുണ്ട്.

ഇത്തരം പ്രലോഭനങ്ങളിലൂടെയും ആനുകൂല്യങ്ങളിലൂടെയും ഈ പ്രദേശത്തു് ഒരു കർണാടക—ലയനപ്രക്ഷോഭണം ഉണ്ടാക്കി നിലനിർത്താൻ ഹേഗ്ഡേ സർക്കാർ ശ്രമിച്ചുകൂടായ്കയില്ല. അതിനാൽ കേരളത്തിലെ സർക്കാരും ജനങ്ങളും ഈ പ്രദേശത്തിന്റെ പ്രശ്നങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

മുമ്പു ചൂണ്ടിക്കാട്ടിയതുപോലെ, കന്നഡ മാധ്യമത്തിലൂടെയുള്ള വിദ്യാഭ്യാസസൗകര്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ, ആവശ്യമുള്ളവൎക്കു് മലയാളം മീഡിയത്തിലൂടെ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ കാസർക്കോട്ടുപ്രദേശത്തു് പൂർണമായി നടപ്പിൽ വരുത്തണം. ശക്തിയേറിയ ഒരു ഗ്രന്ഥശാലാപ്രസ്ഥാനവും, വയോജനവിദ്യാഭ്യാസപ്രസ്ഥാനവും ഇവിടെ ആരംഭിക്കണം. ഈ പ്രദേശത്തിലെ മുഖ്യ പ്രാദേശികഭാഷയായ തുളുവിന്റെ വളർച്ചയും സർക്കാരിന്റെ പരിഗണനയിലുണ്ടാവണം. കേരളസാഹിത്യ അക്കാദമിയിൽ ഒരു തുളുവിഭാഗം ഉണ്ടാക്കുന്നതിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്. കോഴിക്കോട്, സർവകലാശാലയിലും ഒരു തുളുവിഭാഗം ആരംഭിക്കാവുന്നതേയുള്ളു. തുളുഭാഷയുടെ വികസനത്തിൽ കർണാടകക്കാർക്കുള്ളത്രയെങ്കിലും താൽപ്പര്യം കേരളീയർക്കുണ്ടെന്നു് നാം തുളുക്കാരെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ, കലാലോകത്തിനു കാസർക്കോടിന്റെ പ്രമുഖസംഭാവനയായ 'യക്ഷഗാന'ത്തിന്റെ വളർച്ചയിലും കേരളം പങ്കുവഹിക്കേണ്ടതുണ്ട്. എന്തുകൊണ്ട് കലാമണ്ഡലത്തിൽ ഒരു യക്ഷഗാനവിഭാഗം ഉണ്ടായിക്കൂടാ?

പയസ്വിനിനദിക്കു വടക്കു് കാസർക്കോട് ജില്ലയിലുള്ള പ്രദേശങ്ങൾ കേരളസംസ്ഥാനത്തിൽ ചേർക്കുന്നതിനു് ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാട്, ശ്രീ സി. അച്യുതമേനോൻ, പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി, ശ്രീ എം. എൻ. ഗോവിന്ദൻനായർ എന്നിവർ എതിരായിരുന്നു എന്നു്, ശ്രീ രാജീവ്ഗാന്ധിക്കുള്ള കത്തിൽ ശ്രീ ഹേഗ്ഡേ പറയുന്നുണ്ട്. ഇവരിൽ പ്രൊഫസർ മുണ്ടശ്ശേരിയും ശ്രീ ഗോവിന്ദൻനായരും ഇന്നില്ല. ഈ പ്രശ്നത്തെപ്പറ്റി തങ്ങൾ അന്നു്(1956—നു മുമ്പ്) എന്തു പറഞ്ഞു എന്നും, ഇന്നു് എന്തു വിചാരിക്കുന്നു എന്നും ശ്രീ നമ്പൂതിപ്പാടും ശ്രീ അച്യുതമേനോനും വ്യക്തമാക്കുന്നതു നന്നു്. ഭാഗ്യവശാൽ അവർ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടല്ലോ.

24 ഒക്ടോബർ, 1985

# 59. സാങ്കേതിക വിദ്യാഭ്യാസം

ഈയിടെ നാടെങ്ങും ചർച്ചചെയ്യപ്പെട്ട ഇന്ത്യാഗവണ്മെന്റിന്റെ വിദ്യാഭ്യാസനയരേഖയിൽ സാങ്കേതികവിദ്യാഭ്യാസത്തെപ്പറ്റി താഴെച്ചേർത്ത പരാമർശങ്ങൾ അടങ്ങിയിരിക്കുന്നു:

'സാങ്കേതികവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എത്രമതിച്ചാലും അധികമാവില്ല. സാങ്കേതികശിക്ഷണം ലഭിച്ച ഒരു വലിയ സമൂഹം ഇന്ത്യയിലുണ്ട്. ശാസ്ത്രീയവും വ്യാവസായികവുമായ വികസനത്തെ ഇവർ ശക്തിപ്പെടുത്തിയിട്ടുമുണ്ട്. ശാസ്ത്ര—സാങ്കേതികരംഗങ്ങളിൽ പുതിയ ഉൽപാദനമുറകളുമായി ചുവടൊപ്പിച്ചുനീങ്ങുന്നതിനു് വരുന്ന ദശക